## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1620**

**04.12.2015 - ൽ**
**മറുപടിക്ക്**

### നീര ഉൽപ്പാദനം

**ചോദ്യം**
**ശ്രീ.എം.ചന്ദ്രൻ**

**മറുപടി**
**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) പ്രതിദിനം എത്ര ലിറ്റർ നീരയാണ് ഉത്പാദിപ്പിക്കുന്നതെന്ന് അറിയിക്കുമോ; ആയതിനു സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ നടപ്പു വർഷം എത്ര രൂപയാണ് സബ്സിഡി ഇനത്തിൽ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) കേരള കാർഷിക സർവ്വകലാശാലയിൽ പ്രതിദിന നീര ഉത്പ്പാദനം 300 ലിറ്ററാണ്. നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ 10,000 ലിറ്റർ പ്രതിദിന ശേഷിയുള്ള പ്ലാന്റിന്റെ പ്രവർത്തനം ആറളം ഫാമിൽ പുരോഗമിച്ചു വരുന്നുണ്ട്. ആയതിന് സബ്സിഡി നൽകുന്നില്ല. നടപ്പുവർഷം കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് ധനസഹായമായി 50 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| ബി) നീര ഉൽപ്പാദിപ്പിക്കുന്നതിന്റെ ഫലമായി നാളികേരത്തിന്റെ വിലയിൽ നല്ല വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) ഇപ്പോൾ എത്ര രൂപ നിരക്കിലാണ് കൃഷി ഭവൻ മുഖേന നാളികേരം സംഭരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | സി) ഇപ്പോൾ കിലോയ്ക്ക് 25 രൂപ നിരക്കിലാണ് കൃഷി ഭവൻ മുഖേന നാളികേരം സംഭരിക്കുന്നത്. |

സെക്ഷൻ ഓഫീസർ